"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എറണാകുളം, വരാപ്പുഴ ഹോളി ഇൻഫന്റ് ബോയ്സ് ഹൈസ്കൂൾ ജനറൽ മാനേജർ, ജൂനിയർ ലാംഗ്വേജ് ഹിന്ദി അധ്യാപികയായ ശ്രീമതി. ലിസ്സി സി.എൽ എന്നിവർ ഫയൽ ചെയ്ത റിട്ട് ഹർജി നം.15097/2025 മേലുള്ള ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.911/2026/GEDN　　　　തീയതി,തിരുവനന്തപുരം, 30-01-2026

പരാമർശം:-

1. റിട്ട് ഹർജി നം.15097/2025 മേലുള്ള ബഹു. ഹൈക്കോടതിയുടെ 10/04/2025 തീയതിയിലെ വിധിന്യായം.
2. ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 15/07/2025-ലെ DEOALV/938/2025-B1 നമ്പർ കത്ത്.
3. എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 21/07/2025-ലെ ഡിഡിഇ.ഇകെഎം/3910/2025-ബി3 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21/07/2025-ലെ ആർ.എ2/707/2025/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

വരാപ്പുഴ ഹോളി ഇൻഫന്റ് ബോയ്സ് ഹൈസ്കൂൾ മാനേജർ, ജൂനിയർ ലാംഗ്വേജ് ഹിന്ദി അധ്യാപികയായ ശ്രീമതി ലിസ്സി സി.എൽ എന്നിവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 15097/2025 മേലുള്ള പരാമർശം (1) വിധിന്യായത്തിൽ ഹർജിക്കാർ സർക്കാർ മുമ്പാകെ സമർപ്പിച്ച Ext.P9 റിവിഷൻ ഹർജി പരിഗണിച്ച്, ഹർജിക്കാരെ നേരിൽ കേട്ട്, വിധിന്യായത്തിന്റെ പകർപ്പ് കൈപ്പറ്റി നാല് മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു. ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. കൂടാതെ, റിവിഷൻ ഹർജിയിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതുവരെ രണ്ടാം ഹർജിക്കാരിയായ ശ്രീമതി ലിസ്സി സി.എൽ-നെ ജോലിയിൽ തുടരാൻ ബഹു. ഹൈക്കോടതി അനുമതി നൽകിയിട്ടുമുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 25.07.2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) <u>നേരിൽ കേട്ട വേളയിൽ ഒന്നും, രണ്ടും ഹർജിക്കാർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

വരാപ്പുഴ ഹോളി ഇൻഫെന്റ് ബോയ്സ് ഹൈസ്കൂളിലെ എൽ.ജി.ഹിന്ദി അദ്ധ്യാപിക ആയിരുന്ന ശ്രീമതി.ആനി ലെക്സി എൻ.എ യ്ക്ക് എച്ച്.എസ്.ടി.ഹിന്ദി അദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകിയപ്പോൾ ഉണ്ടായ സ്ഥിരം ഒഴിവിലേക്ക് 13-07-2022 മുതൽ തുടർച്ചയായി എനിക്ക് എൽ.ജി.ഹിന്ദി അദ്ധ്യാപികയായി നിയമനം ലഭിച്ചിരുന്നു.എന്നാൽ മുൻവർഷം (2021-

22-ൽ) നിലനിന്നിരുന്ന 1-എച്ച്.എസ്.ടി. ഹിന്ദി & 1 എൽ.ജി.ഹിന്ദി തസ്തികകൾ എന്നത് 2022-23 വർഷം വിദ്യാർത്ഥികളുടെ എണ്ണം വർധിച്ചതിനെ തുടർന്ന് നിലവിൽ ഉണ്ടായിരുന്ന എൽ.ജി.ഹിന്ദി തസ്തിക കുറവ് വരുകയും പകരം 2 - എച്ച്.എസ്.ടി. ഹിന്ദി തസ്തിക എന്ന് അനുവദിക്കേണ്ട സാഹചര്യവും ഉണ്ടായി.

ii) 2022-23 വർഷം സർക്കാർ ഉത്തരവ് (പി) 05/2022/പൊ.വി.വ തീയതി 18-04-2022 പ്രകാരം കെ.ഇ.ആർ അധ്യായം XXIII -ൽ കൊണ്ടുവന്ന നിയമ ഭേദഗതി മൂലം അധിക തസ്തികകൾ സർക്കാർ അനുവദിക്കുന്ന മുറക്ക് ഒക്ടോബർ മാസം ഒന്നാം തീയതി മുതൽ മാത്രമാണ് പ്രാബല്യത്തിൽ വരിക.എന്നാൽ കുറവ് വരുന്ന തസ്തികകളുടെ പ്രാബല്യ തീയതി ജൂലൈ 15 എന്നത് നിലനിർത്തുകയും ചെയ്തിരുന്നു.ഈ സാഹചര്യത്തിൽ എന്നെ നിയമിച്ച എൽ.ജി.ഹിന്ദി തസ്തിക 15-07-2022 പ്രാബല്യത്തിൽ ഇല്ലാതായി എങ്കിലും എനിക്ക് എച്ച്.എസ്.ടി ഹിന്ദി അദ്ധ്യാപികയ്ക്ക് വേണ്ട കെ.ടെറ്റ് -III അടക്കം പൂർണ യോഗ്യത ഉണ്ടായിരുന്നു എന്നതുകൊണ്ട് വിദ്യാർത്ഥികളുടെ ഹിന്ദി പഠനത്തിന് തടസ്സം ഉണ്ടായില്ല. യു.പി. വിഭാഗം ഉള്ള ഹൈസ്കൂളുകളിൽ കെ.ഇ.ആർ അധ്യായം XXIII ചട്ടം 6 (എഫ്) പ്രകാരം ഹിന്ദി അധ്യാപക തസ്തികകൾ അനുവദിക്കുന്നത് രണ്ടു വിഭാഗത്തിലെയും ഹിന്ദി പിരിയഡുകൾ കൂട്ടിച്ചേർത്തുകൊണ്ടാണ് എന്നതിനാൽ ആകെ തസ്തികയുടെ എണ്ണത്തിൽ മാറ്റം വരുന്നില്ലെങ്കിൽ കൂടി യു.പി./ഹൈസ്കൂൾ വിഭാഗങ്ങളിലായി ഹിന്ദി തസ്തികകൾ മാറി അനുവദിക്കേണ്ടി വരുക എന്നത് സാധാരണയാണ്. ഇവിടെ എന്റെ നിയമനത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്ന ഏക ഘടകം കെ.ഇ.ആർ അധ്യായം XXIII -ൽ കൊണ്ടുവന്ന നിയമ ഭേദഗതി മൂലം അധിക തസ്തികകൾ അനുവദിക്കുന്നത് ഒക്ടോബർ മാസം ഒന്നാം തീയതി മുതൽ മാത്രമാണ് എന്നതാണ് (എന്നാൽ കുറവ് വരുന്ന തസ്തികകളുടെ പ്രാബല്യ തീയതി ജൂലൈ 15 എന്നത് നിലനിർത്തുകയും ചെയ്തിരിക്കുന്നു). 2022-23 വർഷം തസ്തികകൾ ഒക്ടോബർ മാസം ഒന്നാം തീയതി മുതൽ മാത്രമാണ് അനുവദിക്കപ്പെടുക എങ്കിലും വിദ്യാർത്ഥികളുടെ അദ്ധ്യയന താല്പര്യം സംരക്ഷിക്കുന്നതിന് സ്കൂൾ അദ്ധ്യയന വർഷാരംഭം മുതൽ തന്നെ ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുവാൻ സർക്കാർ ഉത്തരവ് (എം.എസ്) 102/2022/പൊ.വി.വ തീയതി 08-06-2022 പ്രകാരം അനുവാദം നൽകിയിരുന്നു.മേൽ സാഹചര്യത്തിൽ എൽ.ജി. ഹിന്ദി തസ്തിക 15-07-2022 പ്രാബല്യത്തിൽ നഷ്ടമായി എന്നത് അടിസ്ഥാനമാക്കി എന്റെ എൽ.ജി. ഹിന്ദി നിയമനാംഗീകാരം ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നമ്പർ ബി1/43677/2022 തീയതി 20-08-2022 പ്രകാരം നിരസിക്കുക ഉണ്ടായി.

iii) പിന്നീട് 01-10-2022 തീയതി പ്രാബല്യത്തിൽ എച്ച്.എസ്.ടി ഹിന്ദി തസ്തിക അനുവദിക്കപ്പെടുക ഉണ്ടായി എന്നതിനാലും എനിക്ക് എച്ച്.എസ്.ടി ഹിന്ദി അധ്യാപികയായി ജോലി ചെയ്യുന്നതിന് പൂർണ യോഗ്യത ഉണ്ടായിരുന്നു എന്നതിനാലും എന്നെ ഉൾകൊള്ളുന്നതിനു മറ്റു തടസ്സങ്ങൾ ഒന്നും ഇല്ലാത്തതാണ്. തൊട്ടടുത്ത വർഷം 2023-24 ൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞതിനാൽ മേല്പടി എച്ച്.എസ്.ടി ഹിന്ദി തസ്തിക നഷ്ടപ്പെടുകയും വീണ്ടും എൽ.ജി.ഹിന്ദി അധ്യാപക തസ്തിക പുനഃസ്ഥാപിക്കുകയും ചെയ്തുകൊണ്ട് ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തസ്തിക നിർണ്ണയ ഉത്തരവ് നമ്പർ ബി1/56665/2023 ലഭിക്കുക ഉണ്ടായി. ടി തസ്തിക നിർണ്ണയ ഉത്തരവ് അടിസ്ഥാനമാക്കി എന്നെ വീണ്ടും എൽ.ജി.ഹിന്ദി അദ്ധ്യാപിക ആയി 15-07-2023 മുതൽ മാറ്റി ഉൾകൊള്ളിച്ചു. യഥാർത്ഥത്തിൽ 2022 വർഷം

എന്നെ നിയമിച്ചപ്പോൾ ഉണ്ടായിരുന്ന എൽ.ജി. ഹിന്ദി സ്ഥാനക്കയറ്റ ഒഴിവ് തന്നെ ആണ് ഇപ്രകാരം ഒരു വർഷത്തിന് ശേഷം വീണ്ടും അനുവദിക്കപ്പെട്ടത് എന്നതുകൊണ്ട് ടി തസ്തിക അധിക തസ്തികയുടെ പരിഗണനയിൽ വരേണ്ട ഒന്നല്ല. അതായതു വിദ്യാർത്ഥികളുടെ എണ്ണം വർധിച്ചതുമൂലം നിലവിൽ ഉണ്ടായിരുന്ന എൽ.ജി. ഹിന്ദി തസ്തിക എച്.എസ്.ടി. ഹിന്ദി തസ്തിക ആയി മാറ്റപ്പെട്ടതുപോലെ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞത് മൂലം എച്.എസ്.ടി. ഹിന്ദി തസ്തിക എൽ. ജി. ഹിന്ദി തസ്തിക ആയി മാറ്റപ്പെടുക മാത്രമാണുണ്ടായത്. ഇത്തരം സാഹചര്യങ്ങളിൽ ആകെ തസ്തികകളുടെ എണ്ണത്തിൽ മാറ്റം വരുന്നില്ല എന്നതുകൊണ്ട് അധിക തസ്തികയുടെ ഗണത്തിൽ പെടുത്താതിരുന്നാൽ തന്നെ ഒട്ടനവധി നിയമ പ്രശ്നങ്ങൾ ഒഴിവാക്കുവാൻ കഴിയുന്നതാണ്.

iv) എന്നാൽ ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 2023- 24 വർഷം അനുവദിച്ച എൽ.ജി. ഹിന്ദി തസ്തിക അധിക തസ്തികയുടെ ഗണത്തിൽ പെടുത്തേണ്ടതായിരുന്നു എന്നും, അതുകൊണ്ടു 15-07-2023 മുതൽ എൽ.ജി. ഹിന്ദി തസ്തിക അനുവദിച്ചത് ക്രമ പ്രകാരമല്ല എന്നും,പ്രസ്തുത തസ്തിക 01-10-2023 മുതൽ സർക്കാർ അനുമതിയോടെ മാത്രം അനുവദിക്കേണ്ടതായിരുന്നു എന്നതിനാൽ മേല്പടി എൽ.ജി.ഹിന്ദി തസ്തികയിൽ എനിക്ക് നിയമനത്തിന് അർഹത ഉള്ളതല്ല എന്നും യാതൊരു നിയമത്തിന്റെയും പിൻബലം കൂടാതെ ഏകപക്ഷീയമായി പ്രഖ്യാപിച്ചുകൊണ്ട് മാനേജർക്ക് ഒരു കത്ത് നൽകുക ഉണ്ടായി. കൂടാതെ ഞാൻ ജോലി ചെയ്തിരുന്നതും 2023-24 വർഷത്തിൽ അനുവദിച്ചിരുന്നതുമായ എൽ.ജി. ഹിന്ദി തസ്തിക ബന്ധപെട്ടവരെ നേരിൽ കേൾക്കുക പോലും ചെയ്യാതെ രണ്ടു വർഷങ്ങൾക്കു ശേഷം ( 2023-24, 2024-25 തസ്തിക നിർണയങ്ങൾക്കു ശേഷം ) കുറവ് വരുത്തിക്കൊണ്ടു ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കത്ത് നമ്പർ DEO ALV / 3800/ 2024-ബി 1 തീയതി 07-03 -2025 ലഭിക്കുക ഉണ്ടായി. യഥാർത്ഥത്തിൽ കെ.ഇ.ആർ അദ്ധ്യായം XXIII ലെ നിബന്ധനകൾ ഒന്നും പാലിക്കാതെ ഏകപക്ഷീയമായി ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച മേല്പടി ഉത്തരവ് നിയമാനുസൃതം നിലനിൽക്കുക ഇല്ല എന്ന് മാത്രമല്ല വിദ്യാർത്ഥികളുടെ എണ്ണം അനുസരിച്ച് ഡിവിഷനുകൾ അനുവദിക്കുന്ന വിദ്യാഭ്യാസ ഓഫീസർക്ക് ഹിന്ദി ഭാഷക്കു അനുവദിച്ചിട്ടുള്ള പിരിയഡുകൾ പഠിപ്പിക്കുവാൻ വേണ്ട എണ്ണം അദ്ധ്യാപക തസ്തികകൾ അനുവദിക്കേണ്ട ഉത്തരവാദിത്തം കൂടി ഉണ്ട്. എന്നാൽ നാളിതു വരെ 2023-24 ഇൽ അനുവദിച്ചിരുന്ന എൽ.ജി.ഹിന്ദി തസ്തിക പിന്നീട് അധിക തസ്തിക ആണ് എന്ന് കണ്ടെത്തിയതിനു തുടർച്ചയായി ആയതു അധിക തസ്തികയായി അനുവദിച്ചു നൽകിയിട്ടില്ല എന്നതിൽ നിന്നു തന്നെ വിഷയത്തിന്റെ ഗൗരവം ബോധ്യമാകുന്നതാണ്.

v) <u>**2022-23 മുതൽ അനുവദിക്കപ്പെട്ട ഹിന്ദി ഭാഷ തസ്തികകൾ**</u>

| | | | |
|---|---|---|---|
| 2022-23 | 2021-22 വരെ<br><br>HST HINDI - 1<br>LG HINDI - 1<br>Total =2 | എൽ.ജി ഹിന്ദി തസ്തിക 15.07.22 മുതൽ നഷ്ടമായി | എച്ച്.എസ്.ടി ഹിന്ദി തസ്തിക 01.10.2022 മുതൽ അനുവദിച്ചു<br>HST HINDI - 2<br>LG HINDI - 0<br>Total =2 |
| | എച്ച്.എസ്.ടി ഹിന്ദി തസ്തിക കുറവ് ചെയ്തു | സാങ്കേതികത്വം | വിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ |

| | | | |
|---|---|---|---|
| 2023-24 | പകരം എൽ.ജി ഹിന്ദി തസ്തിക 15.07.23 മുതൽ അനുവദിച്ചു HST HINDI - 1 LG HINDI - 1 Total =2 | പറഞ്ഞു 07.03.2025 ൽ എൽ.ജി ഹിന്ദി തസ്തിക കുറവ് ചെയ്തതായി കത്ത് ലഭിച്ചു | ഏതു തസ്തികയാണ് പകരം അനുവദിച്ചത് എന്ന് D.E.O പറഞ്ഞിട്ടില്ല. HST HINDI-1 L.G HINDI-0 Total = 1 (തെറ്റായ തീരുമാനം) |
| 2024-25 | HST HINDI - 1 LG HINDI - 1 Total =2 | മാറ്റം ഇല്ല | |
| 2025-26 | HST HINDI - 1 LG HINDI - 1 Total =2 | മാറ്റം ഇല്ല | |

ഈ സാഹചര്യത്തിൽ, 2022-23 മുതൽ പൂർണ യോഗ്യതയോടെ എൽ.ജി. ഹിന്ദി ആയും എച്.എസ്.ടി ഹിന്ദി ആയും വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന എനിക്ക് കെ.ഇ.ആർ അദ്ധ്യായം XXIII ചട്ടം 6 (എഫ്), ചട്ടം 12 എന്നിവയുടെ അടിസ്ഥാനത്തിൽ അനുവദിക്കപ്പെട്ട ഹിന്ദി അദ്ധ്യാപക തസ്തികകളിലേക്ക് താഴെ പറയും പ്രകാരം, ഭിന്നശേഷി നിയമത്തിന്റെ കൂടി അടിസ്ഥാനത്തിൽ നിയമനാംഗീകാരം അനുവദിക്കുവാൻ വേണ്ട നിർദേശം ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

| | | |
|---|---|---|
| 2022-23 | എൽ.ജി. ഹിന്ദി നിയമനം 13-07-2022 മുതൽ | എൽ.ജി. ഹിന്ദി തസ്തിക 15-07-2022 മുതൽ നഷ്ടമായി എന്നതിനാൽ അധിക തസ്തികയിൽ എച് എസ് ടി ഹിന്ദി ആയി ദിവസ വേതന നിയമനാംഗീകാരം സർക്കാർ ഉത്തരവ് (എം.എസ്) 102 / 2022 / പൊ.വി.വ തീയതി 08-06-2022 പ്രകാരം 13-07-2022 മുതൽ 30-09-2022 വരെ |
| | | ശേഷം 01-10-2022 മുതൽ 14-07-2023 വരെ (അല്ലങ്കിൽ 30-09-2023 വരെ ) എച്.എസ്.ടി ഹിന്ദി നിയമനാംഗീകാരം |
| 2023-24 2024-25 2025-26 | | ശേഷം 15-07-2023 മുതൽ (അല്ലങ്കിൽ 01-10-2023 മുതൽ ) തുടർച്ചയായി എൽ.ജി. ഹിന്ദി നിയമനാംഗീകാരം |

3) <u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.</u>

എച്ച് ഐ ബി എച്ച് എസ് വരാപ്പുഴ സ്കൂളിന്റെ 2023-24 തസ്തിക നിർണയം നടത്തിയപ്പോൾ

മുൻ വർഷം നില നിന്നിരുന്ന 2 എച്ച് എസ് ടി ഹിന്ദി തസ്തികകളിൽ 1 നഷ്ടപ്പെടുകയും ആയതിൽ ഒരു തസ്തിക ജൂനിയർ ലാങ്ഗ്വേജ് ഹിന്ദി തസ്തിക ആയി മാറുകായും ചെയ്തിരുന്നു.ടി ജൂനിയർ ലാങ്ഗ്വേജ് ഹിന്ദി തസ്തിക അധിക തസ്തിക ആയി കണക്കാക്കി സർക്കാരിലേക്ക് ശുപാർശ ചെയ്യേണ്ടതായിരുന്നു. എന്നാൽ അതേ സമയം ടി ജൂനിയർ ലാങ്ഗ്വേജ് ഹിന്ദി തസ്തികയിൽ 3/6/24 മുതൽ ലിസ്മി സി എൽ എന്ന അധ്യാപികയെ മാനേജർ നിയമിക്കുകയും പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. സമന്വയ മുഖേന മേൽ നിയമന പ്രൊപ്പോസലിൽ തുടർ നടപടികൾ സ്വീകരിക്കുന്ന വേളയിൽ ഒഴിവ് വ്യവസ്ഥാപിതമാണോ എന്നു അറിയാൻ സ്റ്റാഫ് ഫിക്സേഷൻ ഫയൽ പരിശോധിച്ച സമയത്ത് മാത്രമാണ് തസ്തിക നിർണ്ണയത്തിലെ അപാകത ശ്രദ്ധയിൽ പെട്ടത്. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ DEOALV/3800/2024-B1 തീയതി 02/01/2025 കത്ത് പ്രകാരം 2023-24 തസ്തിക നിർണ്ണയത്തിൽ അപാകത സംഭവിച്ചതായും ആകയാൽ ശ്രീമതി ലിസ്മി സി എൽ ന്റെ നിയമന ഫയൽ പരിഗണിക്കുവാൻ നിർവാഹമില്ലാത്ത വിവരവും മാനേജറെ അറിയിക്കുകയും ചെയ്തിരുന്നു. കൂടാതെ മേൽ വിവരങ്ങൾ പൊതു വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ എച്ച് ഐ ബി എച്ച് എസ് വരാപ്പുഴ സ്കൂളിന് സർക്കാർ അനുമതി ഇല്ലാതെ ജൂനിയർ ലാങ്ഗ്വേജ് ഹിന്ദി തസ്തിക അനുവദിച്ചത് ക്രമപ്രകാരം അല്ല എന്നും ടി തസ്തിക റദ്ദ് ചെയ്ത് 2023-24,2024-25 വർഷം അർഹത ഉള്ള അധിക തസ്തികയുടെ ശുപാർശ അത് അനുവദിക്കുന്നത് മൂലം ഉണ്ടാകുന്ന ബാധ്യത കൂടി നിർണയിച്ച സമർപ്പിക്കുന്നതിനും, പ്രസ്തുത ശുപാർശ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക സമർപ്പിച്ച ഉന്നത തല പരിശോധന നടത്തി പൊതു വിദ്യാഭ്യാസ ഡയറക്ടർ കാര്യാലയത്തിൽ സമർപ്പിക്കുന്നതിനും ആർഎ 2/707/2025 ഡി ജി ഇ തീയതി 27/02/2025 കത്ത് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു.ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ DEOALV/3800/2024-B1 തീയതി 7/03/2025 കത്ത് പ്രകാരം മേൽ വിവരങ്ങൾ മാനേജറെ അറിയിക്കുകയും ചെയ്തിരുന്നു. അതേസമയം 26/04/2025 ന WP(C) NO.15097/2025 ന്റെ അന്തിമ വിധിന്യായം ലഭിക്കുകയും ചെയ്തു അതിൻ പ്രകാരം ശ്രീമതി ലിസ്മി സി എൽ ന്റെ നിയമനവുമായി ബന്ധപ്പെട്ട് മാനേജർ സർക്കാരിലേക്ക് റിവിഷൻ ഹർജ്ജി (Ext P9) ഫയൽ ചെയ്തിട്ടുള്ളതായും ആയതിൽ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് 4 മാസത്തിനകം തീരുമാനമെടുക്കുന്നതിന് സർക്കാരിനോടു നിർദ്ദേശിച്ചും പ്രസ്തുത റിവിഷൻ ഹർജ്ജിയിൽ തീരുമാനമാകുന്നതു വരെ ശ്രീമതി ലിസ്മി സി എൽ നെ തുടരാൻ അനുവദിച്ച കൊണ്ടുമാണ് കോടതി ഉത്തരവായിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ശ്രീമതി ലിസ്മി സി എൽ ന്റെ നിയമന ഫയലിൽ മറ്റ് നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വാഹമില്ലാത്തതിനെ

തുടർന്ന് ഹിയറിങ്ങ് പൂർത്തിയായ ശേഷം സർക്കാർ ഉത്തരവുകൾക്ക് വിധേയമായി നിയമന പ്രൊപ്പോസലിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ടി നിയമന ഫയൽ പാർക്ക് ചെയ്തിരിക്കുകയാണ്.

4) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിഷയം പരിശോധിച്ചു. വാരാപ്പുഴ ഹോളി ഇൻഫന്റ് ബോയ്സ് ഹൈസ്കൂളിന്റെ 2023-24 വർഷത്തെ തസ്തിക നിർണയം നടത്തിയപ്പോൾ കുട്ടികളുടെ എണ്ണത്തിലുണ്ടായ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ മുൻ വർഷം നിലനിന്നിരുന്ന 2 എച്ച്.എസ്.ടി ഹിന്ദി തസ്തികകളിൽ 1 നഷ്ടപ്പെടുകയും ഒരു ജൂനിയർ ലാഗ്വേജ് ഹിന്ദി തസ്തിക അധികമായി സംജാതമാവുകയും ചെയ്തിരുന്നു. തസ്തിക നിർണയ ഉത്തരവിൽ ഒരു എച്ച്.എസ്.ടി ഹിന്ദി തസ്തിക, ജൂനിയർ ലാഗ്വേജ് ഹിന്ദി തസ്തിക ആയി മാറുന്നു എന്നാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പുതിയതായി ഒരു ജൂനിയർ ലാഗ്വേജ് ഹിന്ദി തസ്തിക ഉണ്ടാകുകയാണ് ചെയ്തത്. ടി ജൂനിയർ ലാഗ്വേജ് ഹിന്ദി തസ്തിക അധിക തസ്തികയായി കണക്കാക്കി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതായിരുന്നു. എന്നാൽ അതേ സമയം ടി ജൂനിയർ ലാംഗ്വേജ് ഹിന്ദി തസ്തികയിൽ 03/06/2024 മുതൽ ലിസ്മി സി എൽ എന്ന അധ്യാപികയെ മാനേജർ നിയമിക്കുകയും പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. സമന്വയ മുഖേന മേൽ നിയമന പ്രൊപ്പോസലിൽ തുടർ നടപടികൾ സ്വീകരിക്കുന്ന വേളയിൽ ഒഴിവ് വ്യവസ്ഥാപിതമാണോ എന്ന് അറിയാൻ സ്റ്റാഫ് ഫിക്സേഷൻ ഫയൽ പരിശോധിച്ച സമയത്ത് മാത്രമാണ് തസ്തിക നിർണ്ണയത്തിലെ അപാകത ശ്രദ്ധയിൽപ്പെട്ടത് എന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും സംഭവിച്ച വീഴ്ച മാപ്പാക്കി പ്രസ്തുത ജൂനിയർ ലാംഗ്വേജ് ഹിന്ദി തസ്തിക 2023-24 വർഷത്തെ അധിക തസ്തികയായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ കത്ത് സമർപ്പിച്ചിരുന്നു. കൂടാതെ 2023-24 തസ്തിക നിർണ്ണയത്തിൽ അപാകത സംഭവിച്ചതായും ആകയാൽ ശ്രീമതി ലിസ്മി സി എൽ ന്റെ നിയമന ഫയൽ പരിഗണിക്കുവാൻ നിർവാഹമില്ലാത്ത വിവരവും മാനേജറെ അറിയിച്ചതായും ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിവിഷൻ ഹർജ്ജിയിൽ തീരുമാനമാകുന്നതു വരെ ശ്രീമതി ലിസ്മി സി എൽ നെ ജോലിയിൽ തുടരാൻ ബഹു. ഹൈക്കോടതി അനുവദിച്ചിട്ടുമുണ്ട്.

5) 2022-23ലും, 2023-2024ലും ലഭ്യമായത് അധിക തസ്തികകളായി

കണക്കാക്കേണ്ടതിനാൽ, തസ്തിക നിർണ്ണയ ഉത്തരവ് പുനർ നിർണ്ണയിക്കുന്നതിന് അധിക തസ്തികകളുള്ള അർഹത പുന:പരിശോധിച്ച്, അധിക തസ്തികകൾ അനുവദനീയമെങ്കിൽ, ശുപാർശ ചെയ്ത് പ്രൊപ്പോസൽ സമർപ്പിക്കുവാനും അത്തരത്തിൽ 2022-23 ലും, 2023-2024 ലും അധിക തസ്തിക ലഭ്യമാകുന്ന പക്ഷം, ഹർജിക്കാരിയുടെ നിയമനം ക്രമീകരിക്കാൻ മാനേജർ പ്രൊപ്പോസൽ പുതുക്കി സമർപ്പിക്കുന്ന മുറയ്ക്ക് , ഹർജിക്കാരിയുടെ നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുവാനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ടും, അപ്രകാരം പരാമർശം (1) വിധിന്യായം പാലിച്ച് കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലുവ.
ജനറൽ മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, ഡിസ്കലീഡ് കാർമലൈറ്റ്,കാർമലൈറ്റ് പ്രോവിൻസ്, നോർത്ത് കളമശ്ശേരി, എറണാകുളം.
ശ്രീമതി.ലിസ്മി സി.എൽ, എൽ.ജി (ഹിന്ദി), കോർപ്പറേറ്റ് മാനേജ്മെന്റ്, ഹോളി ഇൻഫന്റ് ബോയ്സ് ഹൈസ്കൂൾ, വരാപ്പുഴ, എറണാകുളം - 683 517
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 30-01-2026 16:58:52
സെക്ഷൻ ഓഫീസർ